IV സബ്മിഷൻ

(1) എ. ആർ. ക്യാമ്പ് പുനഃസ്ഥാപിക്കലും എയ്ഡ് പോസ്റ്റ് ആരംഭിക്കലും

ശ്രീ. ആർ. സെൽവരാജ് : സർ, താലൂക്കിന്റെ തലസ്ഥാനം എന്നുള്ള നിലയ്ക്ക് നെയ്യാറ്റിൻകരയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എ.ആർ. ക്യാമ്പ് അവിടെനിന്നും കടലോര മേഖലയായ പുളിങ്കുടിയിലേക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. അവിടെ കുടിവെള്ളംപോലും ലഭ്യമല്ല. അതുമാത്രമല്ല, കടൽക്കാറ്റ് അടിച്ച് തോക്കും മറ്റ് സാമഗ്രികളുമൊക്കെ തുരുമ്പെടുത്ത് നശിച്ചുപോകുന്ന അവസ്ഥയാണുള്ളത്. നിത്യേന കുടിവെള്ളം എത്തിക്കുന്നതിന് ഭാരിച്ച തുകയാണ് ഗവൺമെന്റിന് ചെലവഴിക്കേണ്ടി വരുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ എല്ലാ പശ്ചാത്തല സൗകര്യങ്ങളുമുള്ള നെയ്യാറ്റിൻകര പോലീസ് ഓഫീസ് കോംപ്ലക്സിനോട് ചേർന്ന് ഈ ക്യാമ്പ് പുനഃസ്ഥാപിക്കണമെന്നും വളരെയേറെ തിക്കും തിരക്കുമേറിയ അതിയന്നൂരിൽ ക്രിമിനലുകളുടെ ശല്യം പെരുകി വരുന്ന സാഹചര്യത്തിൽ അതിയന്നൂർ പഞ്ചായത്തിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കണമെന്നുമുള്ളതാണ് എന്റെ സബ്മിഷൻ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, 37 പോലീസ് സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന വിശാലമായ പ്രദേശമാണ് തിരുവനന്തപുരം റൂറൽ ജില്ല. നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ എന്നീ പോലീസ് സബ്ഡിവിഷനുകളിലായി വ്യാപിച്ചുകിടക്കുന്ന റൂറൽ ജില്ലയിൽ ഏതു ഭാഗത്തേക്കും എളുപ്പത്തിൽ എത്തിപ്പെടുന്നതിന് കേന്ദ്രീകൃതമായ സ്ഥാനത്ത് സേനാംഗങ്ങളുടെ വിന്യാസം ഏർപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. നിലവിലുള്ള എ. ആർ. ക്യാമ്പ് പുളിങ്കുടിയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെനിന്നും നെയ്യാറ്റിൻകര ഭാഗത്തേക്കല്ലാതെ മറ്റ് സബ്ഡിവിഷനുകളിലേക്ക് എളുപ്പത്തിൽ എത്തിപ്പെടാൻ സാധിക്കുകയില്ല എന്ന കാര്യം കണക്കിലെടുത്ത് പുളിങ്കുടി ക്യാമ്പിലെ രണ്ട് പ്ലാറ്റൂൺ സേനാംഗങ്ങളെ നെയ്യാറ്റിൻകരയിൽ ഡിറ്റാച്ച്മെന്റ് ക്യാമ്പായി ഷിഫ്റ്റ് ചെയ്യുന്നതിനും ശേഷിക്കുന്ന് മുഴുവൻ സേനാംഗങ്ങളെയും മേൽപ്പറഞ്ഞ മൂന്നു സബ്ഡിവിഷന്റെ കീഴിലുള്ള പ്രദേശങ്ങളിൽ ബുദ്ധിമുട്ടില്ലാതെ എത്തിപ്പെടാൻ സൗകര്യമുള്ള മേനംകുളത്തുള്ള സർക്കാരിന്റെ അധീനതയിലുള്ളതും കഴിഞ്ഞ നാഷണൽ ഗെയിംസ് സമയത്ത് ഗെയിംസ് വില്ലേജായി ഉപയോഗിച്ചതുമായ 30 ഏക്കർ സ്ഥലത്തേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനും അനുമതി തേടിക്കൊണ്ട് ഒരു പ്രൊപ്പോസൽ ലഭിച്ചിരുന്നു. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ പുളിങ്കുടിയിൽ പ്രവർത്തിക്കുന്ന എ. ആർ. ക്യാമ്പിലെ രണ്ട് പ്ലാറ്റൂണുകൾ വേർപെടുത്തി നെയ്യാറ്റിൻകര പോലീസ് കോംപ്ലക്സിൽ ഒരു ഡിറ്റാച്ച്മെന്റ് ക്യാമ്പ് സ്ഥാപിക്കുന്നതിന് 10-2-2014-ൽ ഞാൻ തന്നെ ഉത്തരവുനല്കിയിട്ടുള്ളതാണ്. അതിയന്നൂരിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശം. ഔട്ട് പോസ്റ്റ് ആരംഭിക്കാൻ പറ്റില്ല, ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് സമ്മതമാണെങ്കിൽ ഒരു എയ്ഡ് പോസ്റ്റ് (കൂടുതൽ സ്റ്റാഫ് ഇല്ലാതെ) അനുവദിക്കാവുന്നതാണ്. അതിയന്നൂരിൽ അക്രമം കൂടുതലാണെന്നുള്ള അഭിപ്രായം എനിക്കില്ല. അങ്ങേക്കും അറിയാവുന്നതാണ്, അതിയന്നൂർ നല്ല പ്രദേശമാണ്. ഒരു എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

(2) വാഹനാപകടം ഒഴിവാക്കുന്നതിന് നടപടി

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : സർ, നേരത്തെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിൽ പറഞ്ഞതുപോലെ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളുടെ ഭാഗമായി ദേശീയപാത 17-ൽ കൊടുങ്ങല്ലൂരിലെ ബൈപ്പാസ് റോഡ് മൂന്നര കിലോമീറ്റർ ഉദ്ഘാടനം പൂർത്തിയാക്കിയ സ്ഥലത്ത് വലിയ അപകടങ്ങൾ ഉണ്ടാവുകയാണ്. അതിന്റെ ഉദ്ഘാടനം കഴിഞ്ഞ് 15 മാസത്തിനുള്ളിൽ 15 പേരാണ് അവിടെ മരണപ്പെട്ടത്. കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുള്ളിൽ തുടർച്ചയായി മൂന്നു മരണങ്ങളുണ്ടായി. എൻ.എച്ച്-17-ൽ ഇരുപതു സ്ക്വയിറ്റായ ഒരു ഭാഗം ഉണ്ടാകാനിടയില്ല. ഇതിനുമുൻപുണ്ടായ നിരവധി അപകടങ്ങളുടെ അടിസ്ഥാനത്തിൽ റോഡ് സുരക്ഷാ ഉദ്യോഗസ്ഥന്മാരെല്ലാം അവിടെ വരികയുണ്ടായി. എന്റെ അഭ്യർത്ഥന കൂടി കണക്കിലെടുത്ത് ടോമിൻ തച്ചങ്കരി, ഐ.പി.എസ്. ഉൾപ്പെടെയുള്ളവർ നേരിട്ടുവന്ന് അവിടെ പരിശോധനകളൊക്കെ നടത്തുകയും നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയുമുണ്ടായി. എങ്കിലും ഇതിനകത്ത് കാര്യമായ നടപടിക്രമങ്ങളൊന്നും പൂർത്തിയായിട്ടില്ല. ഇത് വലിയൊരു ജനകീയ പ്രശ്നമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് അവിടെ നിരന്തരമായി ഉണ്ടാകുന്ന റോഡപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു ഉന്നതതല സമിതിയെ നിയമിക്കണം. അതുസംബന്ധിച്ച് പഠനം നടത്തണം. കൂടാതെ റോഡപകടങ്ങൾ ഒഴിവാക്കാൻവേണ്ടിയുള്ള അടിയന്തര നടപടിയുണ്ടാകണം. ഈ കാര്യത്തിൽ സത്വരമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly